**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** **19-09-2025 - ൽ മറുപടിയ്ക്ക്**

**മൂല്യനിർണ്ണയ രീതിയിലെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2025-26 അദ്ധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഏതൊക്കെ ക്ലാസ്സുകളിലെ പൊതു പരീക്ഷയിലാണ് എഴുത്തു പരീക്ഷയിലെ പേപ്പറുകൾക്ക് സബ്ജക്റ്റ് മിനിമവും മൊത്തത്തിൽ പാസാകാൻ മിനിമം മാർക്കും ഏർപ്പെടുത്തി മൂല്യനിർണ്ണയ രീതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മൂല്യനിർണ്ണയ രീതിശാസ്ത്രം സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വർഷം 5, 6, 7, 8, 9 ക്ലാസുകളിലും അടുത്ത വർഷം 10-ാം ക്ലാസിലും പൊതുപരീക്ഷയിൽ എഴുത്തു പരീക്ഷയിൽ 30% മിനിമം മാർക്ക് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിരന്തര മൂല്യനിർണ്ണയപ്രക്രിയയും പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ